# കേരള സർവകലാശാല

നം. പി.ആർ.128/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം

കേരള സർവകലാശാലയുടെ കീഴിലെ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ (ഗവ., എയ്ഡഡ്, സ്വാശ്രയ) ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് സേ പരീക്ഷ വിജയിച്ചവർക്ക് ജൂലൈ 20 മുതൽ 26 വൈകുന്നേരം അഞ്ച് മണിവരെ ഓൺലൈൻ (www.admissions.keralauniversity.ac.in) വഴി രജിസ്റ്റർ ചെയ്യാം.

ഹയർ സെക്കൻഡറി പരീക്ഷയിൽ ഇംപ്രൂവ്മെന്റ്/റീ വാല്യുവേഷൻ എന്നിവ വഴി മാർക്കുകൾ കൂടി കിട്ടിയ വിദ്യാർത്ഥികൾ ജൂലൈ 25-നകം പ്രൊഫൈലിൽ തിരുത്തൽ വരുത്താൻ സർവകലാശാലയിൽ അപേക്ഷ നൽകേണ്ടതാണ്.

ഓൺലൈൻ അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും ജൂലൈ 20 മുതൽ 26 വരെ പുതുതായി പത്ത് ഓപ്ഷനുകൾ (കോഴ്സും കോളേജും) ചേർക്കാൻ സാധിക്കും. ഒഴിവുവന്ന സീറ്റുകളുടെ വിശദാംശങ്ങൾ ജൂലൈ 20-ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

ജൂലൈ 14-ന് പ്രസിദ്ധീകരിച്ച അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിച്ചവർക്ക് ജൂലൈ 19 ഉച്ചയ്ക്ക് രണ്ട് മണിവരെ പ്രവേശനം നേടാം.

## ബി.ആർക് പരീക്ഷ ജൂലൈ 29-ന് തുടങ്ങും

കേരള സർവകലാശാല ജൂലൈ 21-ന് തുടങ്ങാനിരുന്ന മൂന്നാം സെമസ്റ്റർ ബി.ആർക് (ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) പരീക്ഷ ജൂലൈ 29-ലേക്ക് മാറ്റി. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ആർക് പരീക്ഷ

കേരള സർവകലാശാല ജൂലൈ 29-ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ ബി.ആർക് (ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) പരീക്ഷയ്ക്ക് ടി.കെ.എം കോളേജിലെ വിദ്യാർത്ഥികൾക്ക് ജൂലൈ 25 വരെ ഫീസ് അടയ്ക്കാം.

## ബി.ആർക് ഫലം

കേരള സർവകലാശാല 2015 ഒക്ടോബർ/നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ആർക് ടി.കെ.എം കോളേജിലെ വിദ്യാർത്ഥികളുടെ തടഞ്ഞുവെച്ചിരുന്ന പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അക്കാഡമിക് വിവരങ്ങൾ

കേരള സർവകലാശാല പി.ജി പ്രവേശനത്തിന് (സി.എസ്.എസ്) പരീക്ഷയെഴുതിയവരുടെ അക്കാഡമിക് വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ജൂലൈ 27 വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് അപ്‌ലോഡ് ചെയ്യണം.

## എം.ബി.എ ഫലം

കേരള സർവകലാശാല 2015 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ (ഫുൾ ടൈം - റഗുലർ ഈവനിംഗ്/ യു.ഐ.എം/ ട്രാവൽ & ടൂറിസം - 2014 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി ടൈംടേബിൾ

കേരള സർവകലാശാല ജൂലൈ 27-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്സി ബോട്ടണി & ബയോടെക്നോളജി (247), ബയോകെമിസ്ട്രി & ഇൻഡസ്ട്രിയൽ മൈക്രോബയോളജി (248), ബയോടെക്നോളജി (മൾട്ടി മേജർ - 350) (2013, 2014, 2015 അഡ്മിഷനുകൾ) പരീക്ഷകളുടെ ടൈംടൈബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

ജൂലൈ 27-ന് തുടങ്ങുന്ന കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് (ഗ്രൂപ്പ് 2 (എ)) രണ്ടാം സെമസ്റ്റർ ബി.എസ്സി ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ കെമിസ്ട്രി, എൻവയോൺമെന്റൽ സയൻസ് ആൻഡ് എൻവയോൺമെന്റ് ആൻഡ് വാട്ടർ മാനേജ്മെന്റ് (റഗുലർ, 2014 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്, 2013 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ടൈംടൈബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ/ബി.കോം/ബി.പി.എ ടൈംടേബിൾ

കേരള സർവകലാശാല ജൂലൈ 27-ന് തുടങ്ങുന്ന കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് & കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, മലയാളം & മാസ് കമ്മ്യൂണിക്കേഷൻ, ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ & വീഡിയോ പ്രൊഡക്ഷൻ, കമ്മ്യൂണിക്കേറ്റീവ് അറബിക്, ബി.കോം ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ്, ബി.പി.എ (വോക്കൽ, വയലിൻ, മൃദംഗം, ഡാൻസ്, വീണ) (2013, 2014, 2015 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

ജൂലൈ/ആഗസ്റ്റിൽ തുടങ്ങുന്ന രണ്ടാം സെമസ്റ്റർ ബി.കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (138 2 (ബി)), കൊമേഴ്സ് ആൻഡ് ടാക്സ് പ്രൊസീജിയർ & പ്രാക്ടീസ് (337 2 (എ), കൊമേഴ്സ് ആൻഡ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ് (338 2 (എ) (റഗുലർ - 2015 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് - 2014 അഡ്മിഷൻ, സപ്ലിമെന്ററി - 2013 അഡ്മിഷൻ) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
18.07.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098